(ബി&സി) ജിഡ ജനറൽ കൗൺസിലിന്റെ 1-2-2011-ൽ കൂടിയ 25-ാമത് യോഗം ഈ പദ്ധതിക്ക് അംഗീകാരം നൽകി. ഈ പദ്ധതിക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച 5 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിന് 20-1-2014-ൽ കൂടിയ യോഗം ടി ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം മൂന്ന് നിലകളിൽനിന്നും രണ്ട് നിലകളിലായി പരിമിതപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ്, റിവൈസ്ഡ് സ്കെച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കി നൽകുവാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

മെക്കനൈസ്ഡ് പാർക്കിംഗ്

120 (1489) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം നഗരങ്ങളിൽ മെക്കനൈസ്ഡ് പാർക്കിംഗ് സംവിധാനം ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പാർക്കിംഗ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കോഴിക്കോട് വികസന അതോറിറ്റി ഒരു പ്രോജക്ട് അവരുടെ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നുണ്ട്.

(ബി&സി) ബാധകമല്ല.

തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

121 (1490) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ തിരുവനന്തപുരം വികസന അതോറിറ്റിക്ക് നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപ 4217-60-191-98 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

(ബി) 2014-15-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയ്ക്ക് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പാളയം 'സി' ബ്ലോക്ക് (പുനരധിവാസ ബ്ലോക്ക് നിർമ്മാണം) 1.25 കോടി രൂപ.
2. ചാലയിലെ പാർക്കിംഗ് പ്ലാസ, പുനരധിവാസ ബ്ലോക്ക്, കൊമേഴ്യൽ കോംപ്ലക്സ് എന്നിവയ്ക്ക് 15 കോടി രൂപ.
3. അട്ടക്കുളങ്ങര സ്കൂളിന്റെ ചുറ്റുമതിൽ, കച്ചവടക്കാരുടെ പുനരധിവാസ ബ്ലോക്ക്, കൊമേഴ്യൽ കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനായി 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
4. പാളയം 'എ' ബ്ലോക്ക് നിർമ്മാണത്തിന് 35 കോടി രൂപയുടെ ഭരണാനുമതിയും 10 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം

122 (T 1491) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഉറപ്പാക്കാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളതും നിർമ്മാണത്തിലിരിക്കുന്നതുമായ ബഹുനില കെട്ടിടങ്ങളുടെ ഭൂകമ്പപ്രതിരോധശേഷി ഉൾപ്പെടെ പരിശോധിക്കാനും ഉറപ്പുവരുത്താനുമുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പൊതുജനങ്ങൾക്ക് ചട്ടഭേദഗതികൾ ഹാനികരമാവാതിരിക്കുന്നതിനും ഒപ്പം സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly